**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി ബാച്ചുകളുടെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | 2014-15 വർഷത്തിൽ ഹയർ സെക്കൻഡറി ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ ഇനിയും നിയമനാംഗീകാരം ലഭിക്കാത്ത സ്കൂളുകൾ ഏതൊക്കെയെന്നും ഇതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ; | (എ) | സ.ഉ.(കൈ) നം.143/2014/പൊ.വി.വ. തീയതി 31/07/2014 പ്രകാരം 2014-15 അധ്യയന വർഷം പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ച് ഉത്തരവായപ്പോൾ 2014-15 അധ്യയന വർഷം ഒരു ബാച്ചിൽ കുറഞ്ഞത് 40 കുട്ടികളും, 2015-16 അധ്യയന വർഷം മുതൽ 50 കുട്ടികളും ഒരു ബാച്ചിൽ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ടി വ്യവസ്ഥ പാലിക്കപ്പെടാത്ത സ്കൂളുകളെ 21/08/2017 ലെ സ.ഉ.(കൈ) നം.106/2017/പൊ.വി.വ നമ്പർ പ്രകാരമുള്ള തസ്തിക നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിരുന്നു. സ.ഉ.(കൈ) നം.143/2014/ പൊ.വി.വ തീയതി 31/07/2014 ൽ നിഷ്കർഷിക്കുന്ന മാനദണ്ഡം പാലിക്കപ്പെടാതെ തസ്തിക നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ട സ്കൂളുകളിലെ തസ്തിക സൃഷ്ടിക്കുന്നതിലേയ്ക്കായി സർക്കാർ കത്ത് നം.610/റ്റി2/2019/പൊ.വി.വ. തീയതി 16/02/2019 പ്രകാരം തുടർച്ചയായി മൂന്ന് വർഷം (പ്ലസ് വണ്ണിലും പ്ലസ് ടുവിലും 50 കുട്ടികൾ) മതിയായ എണ്ണം വിദ്യാർത്ഥികൾ ഉള്ള ബാച്ചുകളെയാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കേണ്ടതെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരമുള്ള വിദ്യാർത്ഥികൾ ഇല്ലാത്ത സ്കൂളുകളെയാണ് തസ്തിക നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിരുന്നത്. ടി സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. Name of School (School Code) 1. Devi Vilasam HSS, Kandankeri (4115) 2. St.Sebastian HSS, Purappuzha (6080) 3. Kalady Plantation HSS (7187) 4. HSS Koothattukulam(7192) 5. St.Johns HSS Pulinthanam(7208) 6. Sacred Heart HSS, Payyavoor(13156) 7. St.Joseph HSS Pullurampara(10174) 8. St.George HSS Kallanickal(6075) 9. St.Marys HSS Mariyapuram(6082) 10. St.Pauls HSS |

| | | | |
|---|---|---|---|
| | | | Veliyanadu(7189) 11. BEM Girls HSS Bank Road Kozhikode(10040) |
| (ബി) | ഇതിലുൾപ്പെട്ട പുല്ലൂരാംപാറ സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിലെ ബാച്ചിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സർക്കാർ കത്ത് നം.610/റ്റി2/2019/പൊ.വി.വ തീയതി 16/02/2019 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം പുല്ലൂരാംപാറ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിനെ തസ്തിക നിർണ്ണയ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ